ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - നെല്ല് സംഭരണം - പാലക്കാട് ജില്ലയിലെ നെല്ല് സംഭരണ പ്രശ്നങ്ങൾ - സപ്ലൈകോ നെല്ല് സംഭരണ പോർട്ടലിൽ വരുത്തിയ മാറ്റങ്ങൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.196/2025/F&CS    തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 24/02/2025 ന് ചേർന്ന ഓൺലൈൻ യോഗം.
2. മാനേജിംഗ് ഡയറക്ടർ,സപ്ലൈകോയുടെ 02/05/2025 ലെ KSCSC/1654/2025/Paddy 2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം ചേർന്ന യോഗത്തിൽ '*പാലക്കാട് ജില്ലയിലെ വെള്ളയരി ലഭിക്കുന്ന നെല്ല് സംഭരിക്കുന്ന മില്ലുകൾക്ക് അതിനാനുപാതികമായി പാലക്കാട് ജില്ലയിൽ നിന്നുതന്നെ ചുവന്ന മട്ടയരി ലഭിക്കുന്ന നെല്ല് നൽകുന്നതിന്*' പ്രശ്നപരിഹാരമായി നിർദ്ദേശം നൽകുകയും ഇതിനായി സപ്ലൈകോയുടെ നെല്ല് സംഭരണ വെബ് പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം നെല്ല് സംഭരണ വെബ് പോർട്ടലിൽ സപ്ലൈകോ വരുത്തിയിട്ടുള്ള മാറ്റങ്ങൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശരത് ചന്ദ്രൻ സി എസ്

സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
കമ്മീഷണർ, പൊതുവിതരണ-ഉപഭോക്തൃകാര്യ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (FCSD-C1/68/2023-Part2)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്